<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

## ആദിവാസികളുടെ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പ് ആദിവാസി കർഷകർക്ക് നൽകി വരുന്ന സഹായങ്ങളുടെ വിശദവിവരങ്ങൾ നല്കുമോ; | (എ) | **വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br>1. **അട്ടപ്പാടിയിൽ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് "നമത് വെള്ളാമെ".**<br>2. **അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് "മില്ലെറ്റ് വില്ലേജ്" പദ്ധതി നടപ്പിലാക്കിവരുന്നു.**<br>3. **പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി "ഹരിതരശ്മി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.** |
| (ബി) | 2016 മുതൽ നാളിതുവരെ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ? | (ബി) | **പ്രസ്തുത കാലയളവിൽ പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ടി കാലയളവിൽ പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായമായി 2 കോടി രൂപ ലഭ്യമായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ